

# ദക്ഷിണേന്ത്യാ പഠനങ്ങൾ

ചട്ടമ്പിസ്വാമികൾ

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN,
o=Personal,
email=mgsanalkumar@gmail.com
Date: 2024.09.08 21:08:05 +05'30'
Sanal
Kumar M G

# ദക്ഷിണേന്ത്യാ പഠനങ്ങൾ

## ചട്ടമ്പിസ്വാമികൾ

കേരളചരിത്രത്തെ സംബന്ധിച്ച് നിലനിന്ന അബദ്ധജടിലങ്ങളായ സിദ്ധാന്തങ്ങളെ ആദ്യമായി സപ്രമാണം ചോദ്യം ചെയ്ത പ്രബന്ധങ്ങൾ. കേരളത്തിലെ ഭാഷയും സംസ്കാരവും പ്രാചീന തമിഴ് സംസ്കൃതിയുടെ തുടർച്ചയാണെന്നും കേരളത്തിലെ ആദിമനിവാസികൾ കടൽ പിൻവലിഞ്ഞ പ്രദേശത്തേക്ക് സഹ്യപർവതത്തിൽനിന്നും ഇറങ്ങിവന്നു കൃഷിയിറക്കി ഇവിടെ സംസ്കാരം പടുത്തുയർത്തിയ തമിഴ് സംസാരിച്ചിരുന്ന ദ്രാവിഡഗോത്രത്തിൽ പെട്ടവരാണെന്നും, കേരളം പരശുരാമൻ കൊണ്ടുവന്ന ബ്രാഹ്മണരുടേതല്ലെന്നും ഉള്ള വാദങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ  കേരളചരിത്ര രചനക്ക് ഒരു പുതിയ പന്ഥാവ് തുറന്നിട്ടു. കേരളത്തിലെ സാമൂഹിക, സാമ്പത്തിക രാഷ്ട്രീയ പരിഷ്കാരങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും കാരണമായിത്തീർന്നതും കോളനിവാഴ്ചയെയും ജന്മികുടിയാൻ വ്യവസ്ഥിതിയേയും എതിർക്കുന്നതിനുള്ള താത്വികമായ ആയുധങ്ങളായതും സ്വാമികളുടെ ചിന്തകളാണ്. ആധുനിക ദളിത് ചിന്തയിലെ സ്വത്വവാദത്തിന്റെ ധ്വനി ഈ കൃതികളിൽ മുഴങ്ങുന്നു. അത് അടിച്ചമർത്തപ്പെട്ടവന്റെ പ്രതിഷേധവും ആവശ്യവുമാണ്. (അവതാരിക: ഡോ. സുരേഷ് മാധവ്).

**സമ്പാദനം പഠനം: ഡോ. കെ. പുഷ്പലത**

ISBN 978-93-83763-63-4

9 789383 763634 >

Cover Design © Chattampi Swami Archive

CSIS

Chattampi Swami Archive

Centre for South Indian Studies

Trivandrum 695043

csdarchive@gmail.com

CSA

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:08:05 +05'30'

Sanal Kumar M G

അവതാരിക

## ചട്ടമ്പിസ്വാമികളുടെ ചരിത്രവിചാരം

### ഡോ. സുരേഷ് മാധവ്

പണ്ടുള്ളവർ ജീവിക്കുകയും ഇപ്പോൾ നമ്മൾ അതിജീവിക്കുകയും ചെയ്യുന്നു. നമ്മുടെ സംസ്കാരത്തിന്റെ ആധികാരികത്തെളിവുകൾ സൂക്ഷ്മമായി കണ്ടെത്താനുള്ള സാങ്കേതികവിദ്യ നമ്മുടെ കയ്യിൽ കിട്ടുമ്പോഴേയ്ക്കും, തെളിവിന്റെ ഉറവിടങ്ങളെ നമ്മുടെ സുഖക്കൊതി നശിപ്പിച്ചു കളഞ്ഞിരിക്കും. എല്ലാം വർത്തമാനമായിക്കഴിഞ്ഞാൽ പിന്നെ, ചരിത്രവുമില്ലല്ലോ. 'എല്ലാം ലൈവാണ്' എന്ന് മാധ്യമവത്ക്കരിക്കപ്പെട്ട പുതുലോകത്ത് പാരമ്പര്യം, പഴമ എന്നിവ വിറ്റഴിക്കാനുള്ള ചരക്കുകൾ മാത്രമാകുന്നു. ഇവയെ ദേശീയ ബോധത്തിന്റെ ഇന്ധനശക്തിയായി കാണാനുള്ള മനോഭാവവും പ്രോത്സാഹിപ്പിക്കപ്പെട്ടുന്നില്ല. ചരിത്രപ്പഴമ എന്നത് ഒരു സമൂഹത്തിന്റെ ദീർഘായുസ്സിന്റെ രേഖ മാത്രമല്ല, അതിന്റെ ഭാവിയ്ക്കു മേൽ കെട്ടിവെയ്ക്കപ്പെട്ട മഹാഭാരവും കൈയ്യൊഴിയാനാവാത്ത ബാധ്യതയുമാണ്. 'സമയം നിലയ്ക്കുകയും സ്ഥലം അപ്രത്യക്ഷമാകുകയും ചെയ്ത ആഗോളഗ്രാമത്തിലാണ് നാം ജീവിക്കുന്നത്' എന്ന് ടെക്കി പ്രവാചകനായ മാർഷൽ മക്ലൂഹന് പറയുന്നുണ്ടെങ്കിലും, വൈകാരികജീവിതവും അതിന്റെ അഴിച്ചുടുക്കലുകളും ഈ ഭൂമിയുള്ള കാലത്തോളം മനുഷ്യജീവിതത്തിന്റെ പ്രാണശക്തിയായിത്തന്നെ നിലകൊള്ളുമെന്ന് പറയാം. ആദർശത്തിന്റെ സൗന്ദര്യത്തിൽ മനുഷ്യമൃഗീയതയെ കലാസംവിധാനം ചെയ്യലാണ് സാമൂഹിക ജീവിതം.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:08:05 +05'30'
Sanal Kumar M G